## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1837

06.07.2015ൽ മറുപടിക്ക്.

### വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വനിതാ പോലീസ് സ്റ്റേഷൻ അനുവദിച്ച ജില്ലകളിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച് കേസ് രജിസ്റ്റർ ചെയ്യാനും തുടർന്നുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | : (എ) ഉണ്ട്. വനിതാപോലീസ് സ്റ്റേഷൻ പ്രവർത്തനം സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ജനറൽ എ.എസ്.ഐ തസ്തിക നിലവിൽ ഉണ്ടോ;<br><br>(സി) നിലവിലെ ജനറൽ വനിത എ.എസ്.ഐമാരെ ജനറൽ എ.എസ്.ഐ മാരാക്കാൻ നടപടി സ്വീകരിക്കുമോ? | : (ബി)യും, (സി)യും) 25.08.1995 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച വനിതാ പോലീസുകാർക്ക് എ.എസ്.ഐ തസ്തിക ഇല്ല. എങ്കിലും 23 വർഷം സർവ്വീസ് പൂർത്തിയാക്കിയ വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർമാർക്ക് എ.എസ്.ഐ ഗ്രേഡ് ഡെസിഗ്നേഷൻ നൽകിയിട്ടുണ്ട്. 25.08.1995 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർ മുഖ്യധാരയിൽ ഉൾപ്പെട്ടതിനാൽ ഇവർ പൊതുവായ സീനിയോറിറ്റി ലിസ്റ്റിൽ ആണ് ഉൾപ്പെടുന്നത്. ആയതിന്റെ സീനിയോറിറ്റി പ്രകാരമാണ് ഇവർക്കും എ.എസ്.ഐ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ